(ബി) എങ്കിൽ സംസ്ഥാനത്ത് എത്ര അനധികൃത ചന്ദന ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) അനധികൃത ചന്ദന ഫാക്ടറികൾ അടച്ചുപൂട്ടുന്നതിനും അനധികൃത മായി ശേഖരിച്ച ചന്ദനത്തടികളും ചന്ദനപ്പൊടികളും മറ്റും കണ്ടുകെട്ടുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ചന്ദന ഫാക്ടറികൾ അടച്ചു പൂട്ടണമെന്ന കോടതിവിധിയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചി ട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. വിശ്വനാഥൻ):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് 23 ചന്ദന ഫാക്ടറികൾ അനധികൃതമായി പ്രവർത്തി ക്കുന്നുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) അനധികൃതമായി നടത്തുന്ന ചന്ദന ഫാക്ടറികൾ അടച്ചുപൂട്ടാൻ നടപടി സ്വീകരിച്ചു വരുന്നു. അനധികൃതമായി സൂക്ഷിക്കുന്ന ചന്ദനത്തടികളും ചന്ദനപ്പൊടികളും റെയ്ഡുകളിലൂടെ കണ്ടെത്തി സർക്കാരിലേക്ക് കണ്ടുകെട്ടുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ 42 റെയ്ഡുകൾ ഇത് സംബന്ധമായി നടത്തിയിട്ടുണ്ട്. 19899 കി.ഗ്രാം ചന്ദനവും 2200 കി.ഗ്രാം ചന്ദന പ്പൊടിയും പിടിച്ചെടുത്തിട്ടുണ്ട്.

(ഡി) കോടതിവിധിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയതിൽ സംസ്ഥാനത്ത് 23 ചന്ദന ഫാക്ടറികൾ അനധികൃതമായി പ്രവർത്തിച്ചു വരുന്ന തായി കണ്ടെത്തിയിട്ടുണ്ട്. ഇവയ്ക്ക് പഞ്ചായത്തിന്റെയും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെയും അനുമതി ആവശ്യമാണ്. ആയതിനാൽ ഇക്കാര്യം പരിശോധിച്ച് അഭിപ്രായം അറിയിക്കുന്നതിന് പ്രസ്തുത വകുപ്പുകളോട് ആവശ്യപ്പെട്ട തനുസരിച്ച് അവരുടെ അഭിപ്രായം ലഭ്യമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്.

പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് നടപടി

*24 [113] ശ്രീ. എൻ. രാജൻ:

,, കെ. പി. രാജേന്ദ്രൻ:

,, എം. കുമാരൻ:

,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തകർച്ച നേരിട്ടുകൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കയർ, കശുവണ്ടി, കൈത്തറി, ബീഡി, ബാംബു, ഓട്, കളള്ചെത്ത് തുടങ്ങിയ പതിനായിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന മേഖലകൾ വലിയ പ്രതിസന്ധി നേരിടുന്നത് കണക്കിലെടുത്ത് സർക്കാർ പ്രഖ്യാപിച്ച പാക്കേജ് അനുസരിച്ച് എന്തൊക്കെ സഹായങ്ങൾ പ്രസ്തുത മേഖലകൾക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) കയർമേഖല സംരക്ഷിക്കുന്നതിന് ഡിസ്ട്രസ് പർച്ചേസ് പദ്ധതി, വിപണി, വികസന സഹായം, മഹിളാ കയർ യോജന പദ്ധതി പ്രകാരം റാട്ടു വിതരണം, വനിതാ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുന്നതിന് ധനസഹായം, റോ മെറ്റീരിയൽ ബാങ്ക് സ്ഥാപിക്കുന്നതിന് ധനസഹായം, ഗവേഷണ പരിപാടികൾ നടപ്പിലാക്കുന്നതിനുവേണ്ടി ഒരു ദേശീയ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള നടപടി, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകൾ സ്ഥാപിക്കാൻ ധനസഹായം എന്നിവ നടപ്പാക്കി വുരന്നു. കൈത്തറി മേഖലയിൽ ദീൻദയാൽ കൈത്തറി വികസന പദ്ധതി, ഹാന്റ് യാൺ സബ്സിഡി സ്കീം, ഹാന്റക്സ്, ഹാൻവീവ് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് മൂലധനത്തിന് ഓഹരി പങ്കാളിത്തം, ഫാക്ടറി ടൈപ്പ് സംഘങ്ങളുടെ പുനരുദ്ധാരണം, നെയ്ത്തുകാർക്ക് പരിശീലനം, എക്സ്പോർട്ട് ഇൻസെന്റീവ്, ഹാന്റ്ലൂം എക്സ്പോർട്ട് സ്കീം എന്നീ പദ്ധതികൾ നടപ്പാക്കി വരുന്നു.

കരകൗശല മേഖലയിൽ കേന്ദ്ര സർക്കാരുമായി യോജിച്ചുള്ള ബാബാ സാഹേബ് അംബേദ്കർ ഹസ്ത ശില്പ യോജന, അർബൻ ഹാത്ത്, കരകൗശല തൊഴിലാളികൾക്കുള്ള പരിശീലനം, പെൻഷൻ, കരകൗശല പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളിത്തം, സുരഭി, കൈരളി, കാഡ്കോ എന്നിയ്ക്ക് ധനസഹായം, ഈറ്റ, മുള എന്നിവയുടെ വികസനത്തിന് ധനസഹായം എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

കശുവണ്ടി മേഖല പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും തൊഴിലാളികളുടെ സംരക്ഷണത്തിനായി 4.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷന് ബാങ്കുമായുള്ള ബാധ്യത തീർക്കുന്നതിനായി 107.57 കോടി രൂപ ദീർഘകാല വായ്പയായി അനുവദിക്കുന്നതിന് ഉത്തരവാകുകയും അതിൽ 30.50 കോടി രൂപ അനുവദിക്കുകയും ചെയ്തു.

കാപ്പെക്സിന് ബാങ്കുകളിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിന് 7.25 കോടി രൂപയ്ക്ക് സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കയർ മേഖലയിൽ കെട്ടിക്കിടക്കുന്ന കയറും കയറുൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിന് 8 കോടി രൂപയുടെ ഒരു റിവോൾവിംഗ് ഫണ്ട് അനുവദിച്ചു. 2004-05-ലെ പ്രത്യേക പാക്കേജ് പദ്ധതി പ്രകാരമുള്ള 500 ലക്ഷം രൂപയിൽ 323 ലക്ഷം രൂപ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി വനിതകളുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുന്നതിനും ബാക്കി 177 ലക്ഷം രൂപ N.C.D.C.-യുടെ സഹായത്തോടുകൂടി സഹകരണ സംഘങ്ങളുടെ ഓഹരി മൂലധനം പരിപോഷിപ്പിക്കുന്നതിനും വിനിയോഗിക്കുന്നതാണ്.

2002-ലെ പ്രത്യേക പാക്കേജ് പ്രകാരം കൈത്തറി മേഖലയിൽ 15 കോടി രൂപ റിബേറ്റ് കുടിശ്ശിക നൽകുന്നതിനും കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് 12 കോടി രൂപയും കാപ്പക്സിന് 3 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

വ്യവസായ മേഖലയിൽ നിക്ഷേപങ്ങൾ ആകർഷിക്കാൻ നടപടി

*25 [114] ശ്രീ. ടി. കെ. ബാലൻ:

,, വി. ചെന്താമരാക്ഷൻ:

,, മഞ്ഞളാംകുഴി അലി:

,, വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ മേഖലയിൽ നിക്ഷേപങ്ങൾ ആകർഷിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആഗോള നിക്ഷേപക സമ്മേളനത്തിലൂടെ വ്യവസായ മേഖലയിൽ എത്ര നിക്ഷേപമാണ് സ്വരൂപിക്കാൻ ലക്ഷ്യമിട്ടത്;

(സി) ആഗോള നിക്ഷേപക സമ്മേളനത്തിലൂടെ സംസ്ഥാനത്ത് വ്യവസായ മേഖലയിൽ ലഭിച്ച നിക്ഷേപം എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) കിൻഫ്രയും കെ.എസ്.ഐ.ഡി.സി.-യും സംസ്ഥാനത്ത് വ്യവസായ രംഗത്ത് നിക്ഷേപങ്ങൾ ആകർഷിക്കാൻ എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ;

(ഇ) എങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly